LIBRARY ARCHIVES Kerala Legislative Assembly

ഹയർ സെക്കന്ററി സ്കൂളിൽ ബൈട്രാൻസ്ഫർ വഴിയുള്ള അദ്ധ്യാപകരുടെ നിയമനം

101 (7068) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി സ്കൂളിൽ ബൈട്രാൻസ്ഫർ വഴി അദ്ധ്യാപകരെ ഏറ്റവും അവസാനം നിയമിച്ചത് എന്നാണ് ;

(ബി) പ്രസ്തുത നിയമനം സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഡിപ്പാർട്ടുമെന്റിൽ അദ്ധ്യാപകർക്ക് തസ്തികമാറ്റ നിയമനം പൊതുവായി നൽകിയത് 23-7-2011-നും എച്ച്.എസ്.എസ്.റ്റി ജൂനിയർ അദ്ധ്യാപകർക്ക് ബൈട്രാൻസ്ഫർ നിയമനം നൽകിയത് 2-6-2014 നുമാണ്.

(ബി) ശ്രീ. അരുൺ റോയ്. എസ്.ആർ ഫയൽ ചെയ്ത WP(C) 22608/11 എന്ന കേസിൻമേൽ കെമിസ്ട്രി വിഷയത്തിൽ നിയമനം നടത്തുന്നതിന് 19-8-2011-ൽ ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് ഉണ്ടായിരുന്നു. (പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ തസ്തികമാറ്റം നിയമനം നടത്തുന്നു എന്നായിരുന്നു കേസ്സ്. ഡിപ്പാർട്ടുമെന്റിൽ അദ്ധ്യാപകർക്കായി 31-7-2008 വരെ നീക്കിവച്ചിരുന്ന ഒഴിവിലേക്കാണ് പ്രസ്തുത തസ്തികമാറ്റ നിയമനം നടത്തിയത്) ഈ കേസ്സ് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് കൈമാറുകയും 25-12-2013-ൽ സ്റ്റേ നീക്കം ചെയ്യുകയും ചെയ്തു.

ബൈട്രാൻസ്ഫർവഴി ഹയർ സെക്കന്ററി അദ്ധ്യാപക നിയമനം

102 (7069) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബൈട്രാൻസ്ഫർവഴി ഹയർ സെക്കന്ററി അദ്ധ്യാപകരായി ഏറ്റവും അവസാനം നിയമിച്ചത് എന്നാണ് ;

(ബി) ഈ നിയമനം സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) എന്നത്തേക്ക് നിയമനം നടക്കുമെന്നും ഇത്തരത്തിൽ എത്രപേർക്ക് നിയമനം നടത്താൻ കഴിയുമെന്നും വെളിപ്പെടുത്താമോ ;

(ഡി) നിയമനത്തിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?